# ശരാ – ശരി

കെ.ആർ. ടോണി

ചെയ്യാൻ പോകുന്നത് ശരിയെന്ന്
ചെയ്യാൻ പോകുമ്പോൾ തോന്നും
ചെയ്യുന്നത് ശരിയെന്ന്
ചെയ്യുമ്പോൾ തോന്നും
ചെയ്തതൊക്കെ തെറ്റ് എന്ന്
ചെയ്തുകഴിഞ്ഞശേഷം തോന്നും

ചെയ്യുന്നതിനും ചെയ്തുകഴിയുന്നതിനുമിടക്ക്
എനിക്കെന്തുമാതിരി പരിവർത്തനങ്ങൾ സംഭവിക്കുന്നു
എന്നു ചിന്തിക്കുമ്പോഴേക്കും
തെറ്റ് എന്നു തോന്നി നിറുത്തുന്നു.
നിറുത്തിയത് തെറ്റ് എന്നു തോന്നുന്നു
അങ്ങനെ തോന്നുന്നത് തെറ്റ് എന്നു തോന്നുന്നു
ഒരു ശരി ചെയ്യാൻ കൊതിക്കുന്നു.

ഇതുവരെ ചെയ്തതെല്ലാം തെറ്റ്
ചെയ്യാത്തതാണ് ശരി.
ശരിയെന്നു കരുതിയതെല്ലാം തെറ്റ്
തെറ്റെന്നു കരുതിയതും തെറ്റ്.
അങ്ങനെ കരുതിയതും തെറ്റ്
തെറ്റല്ലേ ശരി?
ശരി തെറ്റല്ലേ?
ഉള്ളത് തെറ്റോ ശരിയോ?



*മോഹനൻ വി.*

*'പുലരി', സിവിൽ ലെയിൻ റോഡ്, പി.ഒ.പൂത്തോൾ, തൃശൂർ-680 004.*

## കൊക്കക്കൊള്ള, ചതി, കൊല

എബി ഇമ്മാനുവൽ

**കൊക്കകോള, വിവാദങ്ങളുടെ പശ്ചാത്തലത്തിൽ പുറത്തിറക്കിയ പരസ്യക്കുറിപ്പിലെ വിശേഷങ്ങൾ**

*"കൊക്കകോള കമ്പനിയിലെ 5000 ഉദ്യോഗസ്ഥരും അവരുടെ കുടുംബാംഗങ്ങളും അന്തസ്സോടെ ഉപയോഗിക്കുന്ന ഉല്പന്നമാണിത്."* (ലോകത്ത് ഏതെങ്കിലും ഒരു കമ്പനി അതിന്റെതന്നെ ജീവനക്കാരെ സംതൃപ്തരായ ഉപഭോക്താക്കളായി അവതരിപ്പിച്ചുകൊണ്ട് ഉല്പന്നം വിറ്റഴിക്കാൻ ശ്രമിക്കുന്നത്. കമ്പനിയുടെ പരിമിതിയാവാനേ തരമുള്ളൂ. വയറ്റിപ്പിഴപ്പാണ് സാർ........ കുടിച്ചേ പറ്റൂ.........)



*"ഞങ്ങളുടെ ഏതെങ്കിലും ഒരു ഫാക്ടറി സന്ദർശിക്കുവാൻ നിങ്ങളെ ഞങ്ങൾ സ്വാഗതം ചെയ്യുന്നു"* (ഉപയോഗിച്ച് തൃപ്തരായില്ലെങ്കിൽ തിരിച്ചയച്ചുകൊള്ളാൻ പറയുന്ന തരം ഒരു ചൂതു കളി. കൊക്കകോളയുടെ ക്ഷണം സ്വീകരിച്ച് രാജ്യത്തെ ദാഹാർത്തരായ ജനങ്ങൾ വസ്തുതകൾ ബോധ്യപ്പെടാൻ യാത്രയാരംഭിച്ചിട്ടുണ്ടാകണം. ദയവായി പരിഹസിക്കരുത്....... സാർ.........)

*"32 വർഷംകൊണ്ട് ഒരു സെക്കന്റ് സമയം നിരീക്ഷിക്കുന്ന അതേ ജാഗ്രതയോടെയോ അതുമല്ലെങ്കിൽ ഇന്ത്യയിലെ മുഴുവൻ ജനസംഖ്യയിൽ നിന്ന് ഒരാളെ കണ്ടുപിടിക്കുന്ന ക്ലേശകരമായ പ്രക്രിയയിലൂടെയോ ആണ് ജനത്തിന്റെ ഒരു തുള്ളിയിൽ പോലും കീടനാശിനി അൽപാംശം പോലും ഉറപ്പു വരുത്തുന്നത്".*

(ഹാവൂ........ ആശ്വാസമായി! പക്ഷെ സാർ, ഒരു സംശയം. എന്നിട്ടുമെന്തേ......?)

നമ്മുടെ ജനവും ഭരണാധികാരികളെപ്പോലെത്തന്നെയെന്നു (തെറ്റി) ധരിച്ചുവോ കമ്പനി മാനേജർമാർ? ക്ഷമിക്കണം സാർ. എനിക്ക് ദാഹിക്കുന്നു. വെള്ളം നിഷേധിക്കരുത്.